**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1684** **04.12.2018**-ൽ മറുപടിയ്ക്ക്.

**കോക്ലിയാർ ഇംപ്ലാന്റേഷനുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ**

| ചോദ്യം<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്** | | മറുപടി<br>**ശ്രീ.എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ (2018-19 മുതൽ 2021-22 വരെ) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ തുടർച്ചയായി പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖക്ക് തുടർച്ചയായി പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി 14.02.2018) ഖണ്ഡിക 7.1.2 (ബി) പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള കേൾവിസഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകിയിരുന്നു. |
| (ബി) | ഇപ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചതിനുശേഷം കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷം നൽകുന്ന | | 15.10.2018ലെ ഡി.എ1/718/2018/തസ്വഭവ നമ്പർ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.<br>മാർഗ്ഗരേഖ പ്രകാരം കോക്ളിയർ ഇംപ്ളാന്റിന് |

| | | | |
|---|---|---|---|
| | ഉപകരണങ്ങൾക്ക് റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് എസ്.സി./ എസ്.ടി., മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മാത്രമായി നൽകിയാൽ മതിയെന്ന രീതിയിൽ പരിമിതപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; | (ബി) & (സി) | ശേഷമുള്ള കേൾവിസഹായികളും മറ്റും എല്ലാ വിഭാഗങ്ങൾക്കും വാങ്ങി നൽകാൻ കഴിയും. എന്നാൽ റിപ്പയറിംഗ് ചാർജ് നൽകാൻ കഴിയുമായിരുന്നില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018ൽ കൂടിയ യോഗത്തിന്റെ പൊതുവിഷയ തീരുമാനം നം. 3.9 പ്രകാരമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യ തൊഴിലാളികൾ/ അവരുടെ മക്കൾ എന്നിവർക്ക് കോക്ളിയർ ഇംപ്ളാന്റിന് ശേഷമുള്ള കേൾവിസഹായികളും മറ്റും റിപ്പയറിംഗ് ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ് എന്ന സർക്കുലർ പുറപ്പെടുവിച്ചത്. |
| (സി) | എങ്കിൽ, സാധാരണക്കാരായ എല്ലാ വിഭാഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാകുന്നവിധം ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | | |
| (ഡി) | പ്രസ്തുത ആനുകൂല്യം സാധാരണക്കാരായ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കുന്ന വിധത്തിൽ ഉത്തരവിൽ ഭേദഗതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ